**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് ബാൻഡ് നിയമനം - സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് കോൺസ്റ്റബിൾ ബാൻഡ്, ബ്യൂഗ്ലർ, ഡ്രമ്മർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പോലീസ് കോൺസ്റ്റബിൾ ബാൻഡ്/ബ്യൂഗ്ലർ/ഡ്രമ്മർ തസ്തികകളുടെ സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 02.07.2021 – ൽ ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ 267 ഒഴിവുകൾ 16.07.2022 – ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ തസ്തിക നിയമനം പി.എസ്.സി യ്ക്ക് കൈമാറിയശേഷം ഏതെല്ലാം വർഷങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്; എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | നിയമനം പി.എസ്.സി ക്ക് കൈമാറിയ ശേഷം പ്രസ്തുത തസ്തികകളിൽ നിയമനം നയത്തിയിട്ടില്ല. |
| (സി) | 15 വർഷമായി പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്താത്തതിനാൽ അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നിഷേധിക്കപ്പെടുന്നതായും പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ അവസരം എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നതായും ഉള്ള സാഹചര്യങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ഈ തസ്തികയുടെ അടിസ്ഥാന യോഗ്യതയായി തൊഴിൽവിഷയത്തിലുള്ള അക്കാദമിക് യോഗ്യത പരിഗണിക്കാതെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവും തൊഴിൽ പരിചയ സാക്ഷ്യപത്രവും മാത്രമുള്ളവർക്ക് ജോലി ലഭിക്കുന്ന രീതിയിൽ ജി.ഒ. (പി) No. 50/21/ ഹോം സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനാൽ അക്കാദമിക് യോഗ്യതയുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുന്നതിനും പരിചയ സർട്ടിഫിക്കറ്റിന്റെ മറവിൽ അനർഹരായ ആളുകൾ സർവ്വീസിൽ പ്രവേശിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാകുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ബാൻഡ്/ ബ്യൂഗ്ലർ/ഡ്രമ്മർ ഉടങ്ങിയ തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങൾക്കുള്ള യോഗ്യത ഹയർ സെക്കന്ററി വിജയവും , ബന്ധപ്പെട്ട വാദ്യോപകരണം ഉപയോഗിക്കുന്നതിൽ ഒരു വർഷത്തെ പ്രവർത്തി പരിചയവുമാണ്.സാങ്കേതിക വൈദഗ്ധ്യം അനിവാര്യമായ തസ്തികകളാണിവ. മേൽ പ്രകാരമുള്ള യോഗ്യതയോടൊപ്പം മറ്റ് അധിക യോഗ്യത ഉള്ളവർക്കും നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ് . അതിനാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | 15 വർഷത്തിലധികമായി നേരിട്ട് നിയമനം നടത്താത്തതിനാൽ എസ്.സി./ എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ തൊഴിലവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, അപേക്ഷകരുടെ പ്രായപരിധിയിൽ ഒറ്റത്തവണ ഇളവ് ഏർപ്പെടുത്തി അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ബാൻഡ്/ ബ്ലൂഗ്ലർ/ഡ്രമ്മർ തുടങ്ങിയ തസ്തികകളിൽ ജനറൽ റിക്രൂട്ട്മെന്റ് ആണ് നടക്കുന്നത്. ടി റിക്രൂട്ട്മെന്റിന് നിയമ പ്രകാരമുള്ള വയസ്സിളവ് എസ്.സി/എസ്.ടി വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ